ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം
തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

## പത്രക്കുറിപ്പ്

സംസ്ഥാനത്ത് വ്യാപകമായി ഭക്ഷണശാലകൾ പരിശോധിച്ചതിന് പുറമേ തിരുവനന്തപുരം, കൊല്ലം, കോട്ടയം, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഭക്ഷ്യ സുരക്ഷ കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ വിവിധ ഹോട്ടലുകളും ഭക്ഷണശാലകളും പരിശോധിച്ചു. പരിശോധനയിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ മാലിന്യം നിറഞ്ഞതും വൃത്തിഹീനവുമായ സാഹചര്യത്തിൽ പ്രവർത്തിച്ച് വന്നിരുന്ന താഴെ പറയുന്ന 3 ഹോട്ടലുകൾ പൂട്ടിയിട്ടുണ്ട്.

1. Kumar Café, Killipalam, Thiruvananthapuram.
2. Buhari Hotel, Attakulangara, Thiruvananthapuram
3. Kalpaka Sea Food Restaurant, Techno park, Thiruvananthapuram

ഇവർക്ക് നിയമാനുസൃത നോട്ടീസും നൽകിയിട്ടുണ്ട്. കൂടാതെ 77 ഹോട്ടലുകൾ പരിശോധിക്കുകയും 64 ഹോട്ടലുകൾക്ക് ഇംപ്രൂവ്മെൻറ് നോട്ടീസ് നൽകുകയും ചെയ്തു. ഹോട്ടൽ ഉടമകൾക്കെതിരെ നിയമാനുസൃതം കോമ്പൗണ്ടിംഗ് നടത്തി പിഴയിനത്തിൽ 2,89,500 രൂപ ഈടാക്കിയിട്ടുണ്ട്.

ഇതേ വരെ സംസ്ഥാനത്ത് 1081 ഹോട്ടലുകൾ പരിശോധിക്കുകയും 66 ഹോട്ടലുകൾ അടച്ച് പൂട്ടുകയും 618 ഹോട്ടലുകൾക്ക് ഇംപ്രൂവ്മെൻറ് നോട്ടീസ് നൽകുകയും ചെയ്തു. ഇതേ വരെ 14,28,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

28.07.2012

ബിജു പ്രഭാകർ ഐ.എ.എസ്
ഫുഡ്സേഫ്റ്റി കമ്മീഷണർ